**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5752** **08-11-2021 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 25.02.2017 ലെ സ.ഉ(പി).നം.3/2017/ ഉഭപവ പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി മാർഗ്ഗനിർദ്ദേശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവെന്ന് പറയാമോ; | (എ) | 25/02/2017 ലെ സ.ഉ.(പി) നം.3/ 2017/ ഉ.ഭ.പ.വ. പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പൊതു-മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ ഉള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലൊഴികെ മറ്റൊരിടത്തും മേൽപ്പറഞ്ഞ ഉത്തര-വിനെ അടിസ്ഥാനമാക്കി പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങളൊന്നും തന്നെ ഇതുവരെ നിശ്ചയിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ മാർഗ്ഗനിർദ്ദേശരേഖയിലെ വ്യവസ്ഥകൾ പൂർണമായും പാലിച്ചുകൊണ്ട് സ്ഥലംമാറ്റം നടപ്പിലാക്കാത്തവ ഏതെല്ലാം; കാരണം വിശദമാക്കാമോ? | (ബി) | വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്റ്റാറ്റ്യൂട്ടറി ബോഡിയായതിനാലും കെ എസ് ആർ വ്യവസ്ഥകൾക്ക് വിധേയമായതിനാലും 25/02/2017 ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് ടി സ്ഥാപനത്തിൽ പൊതു സ്ഥലംമാറ്റം നടത്തുന്നത്. വ്യവസായ വകുപ്പിന് കീഴിലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് മാത്രമുള്ളതിനാൽ പൊതുസ്ഥലംമാറ്റം നടപ്പാക്കേണ്ട ആവശ്യമില്ല. വ്യവസായ വകുപ്പിന് കീഴിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ കമ്പനി തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ